## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം.T.5424**

**26/03/2018 ൽ മറുപടിക്ക്**

### സംസ്ഥാനത്തെ കശുമാവ് കൃഷി

**ചോദ്യം**
**ശ്രീ.യു. ആർ. പ്രദീപ്**

**ഉത്തരം**
**ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ**
**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഹെക്ടറിലാണ് കശുമാവ് കൃഷിയുള്ളത്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; | (എ) | 87894 ഹെക്ടറിൽ കശുമാവ് കൃഷി ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 1860 ഹെക്ടർ<br>കൊല്ലം - 4692 ഹെക്ടർ<br>പത്തനംതിട്ട - 869 ഹെക്ടർ<br>ആലപ്പുഴ - 3584 ഹെക്ടർ<br>കോട്ടയം - 656 ഹെക്ടർ<br>ഇടുക്കി - 2095 ഹെക്ടർ<br>എറണാകുളം - 907 ഹെക്ടർ<br>തൃശ്ശൂർ - 3607 ഹെക്ടർ<br>പാലക്കാട് - 5482 ഹെക്ടർ<br>മലപ്പുറം - 5956 ഹെക്ടർ<br>കോഴിക്കോട് - 4005 ഹെക്ടർ<br>വയനാട് - 2018 ഹെക്ടർ<br>കണ്ണൂർ - 33763 ഹെക്ടർ<br>കാസർഗോഡ് - 18480 ഹെക്ടർ |
| (ബി) | സംസ്ഥാനത്ത് ഒരു വർഷം ശരാശരി എത്ര ടൺ കശുവണ്ടി ഉല്പാദിപ്പിക്കുന്നുണ്ട്; ഇത് സംസ്ഥാനത്ത് കശുവണ്ടി സംസ്കരണഫാക്ടറികൾക്ക് ആവശ്യമുള്ളതിന്റെ എത്ര ശതമാനം വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്; | | ഡയറക്ടറേറ്റ് ഓഫ് കാഷ്യൂനട്ട് & കൊക്കോ ഡെവലപ്പ്മെന്റിന്റെ 2016-17 ലെ കണക്ക് പ്രകാരം ആഭ്യന്തര ഉല്പാദനം 83980 മെട്രിക് ടൺ ആയിരുന്നു. ഇത് ഏകദേശം സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ ഫാക്ടറികൾക്ക് ആവശ്യമുള്ളതിന്റെ 14% ആയിരുന്നു. |
| (സി) | തരിശുരഹിത സംസ്ഥാനം പദ്ധതിയിൽ ഉൾപ്പെടുത്തി കശുമാവ് കൃഷിയ്ക്ക് അനുയോജ്യമായതും തരിശു | (സി) | പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി നടത്തുന്നതിനുള്ള നടപടികൾ വിവിധ വകുപ്പുകളുമായി ചേർന്ന് ഇതിനകം |

| | | | |
|---|---|---|---|
| | കിടക്കുന്നതും ആയ സ്ഥലങ്ങളിൽ കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിയ്ക്കുവാൻ ഉദ്ദേശ്യമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ? | | ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതിക്ക് ദോഷകരമായ അക്കേഷ്യ ഉൾപ്പെടെയുള്ള മരങ്ങൾ വെട്ടി മാറ്റി പകരം കശുമാവ് തൈകൾ വച്ചു പിടിപ്പിക്കുവാൻ മന്ത്രിമാരുൾപ്പെട്ട ഉന്നതതല യോഗത്തിൽ തീരുമാനിക്കുകയും തുടർന്ന് വനം വകുപ്പിന്റെ കീഴിലുള്ള 300 ഏക്കർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ട്. വരും വർഷം 5000 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാനും വനം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മറ്റ് വകുപ്പുകളുടെ കീഴിലുള്ള 305 ഹെക്ടർ സ്ഥലത്ത് കൃഷി നടത്തുവാനും ഇതിനകം തീരുമാനിച്ചിട്ടുണ്ട്. ഓയിൽപാം ഇന്ത്യാ ലിമിറ്റഡിന്റെ ഏരൂരിലുള്ള 53 ഹെക്ടർ സ്ഥലത്ത് കശുമാവ് തോട്ടം ആരംഭിച്ചിട്ടുണ്ട്.<br>അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരളയുടെ അംഗങ്ങൾ തോട്ടവിള അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നതിന് സന്നദ്ധത അറിയിച്ചതിനെത്തുടർന്ന് റവന്യൂ വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്ലാന്റേഴ്സ് പ്രതിനിധികളുമായി ബഹു.മന്ത്രി നടത്തിയ ചർച്ചയിൽ ഉല്പാദനം കുറവുള്ള റബ്ബർ പ്ലാന്റേഷനിൽ റബ്ബറിനു പകരം എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ലാന്റ് റവന്യൂ കമ്മീഷണറുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ